പരമാവധി രണ്ടു തലങ്ങളിൽ ഫയൽ കണ്ടാൽ മതിയെന്ന നിർദ്ദേശം സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും ബാധകമാക്കിയിട്ടുണ്ട്. കൂടാതെ സെക്ഷൻ ഓഫീസർ മുതൽ മന്ത്രിവരെ ഫയൽ നീങ്ങുന്നതിന് പരമാവധി സമയം പത്തു ദിവസമായും ടി ഉത്തരവിൽ നിശ്ചയിച്ചിട്ടുണ്ട്. വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സബോർഡിനേറ്റ് ആഫീസുകളിലേയും തിരിച്ചും അയക്കുന്ന കത്തുകൾക്ക് പ്രാഥമിക മറുപടിയും അന്തിമ മറുപടിയും നൽകുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള സർക്കുലറും നിലവിലുണ്ട്.

ഭിക്ഷാടനവും ബാലവേലയും നിരോധിക്കാൻ നിയമം

9 [804] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്നും കുട്ടികളെ വിലയ്ക്കു വാങ്ങി ഭിക്ഷാടനത്തിനും ബാലവേലയ്ക്കുമായി കേരളത്തിൽ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതു സംബന്ധമായി ഏതെങ്കിലും സംഘത്തെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങൾ നിരോധിക്കുന്നതിന് നിലവിൽ നിയമമുണ്ടോ, എങ്കിൽ പ്രസ്തുത നിയമം കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള നിയമം പര്യാപ്തമല്ലെങ്കിൽ ആവശ്യമായ നിയമ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) നിലവിൽ നിയമമുണ്ട്. 2000-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 24 (1) പ്രകാരം കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നത് ശിക്ഷാർഹമാണ്. കൂടാതെ ജെ. ജെ. ആക്ട് സെക്ഷൻ 27 പ്രകാരം ഇതു പോലീസിന് നേരിട്ട് കേസ്സ് എടുക്കാവുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

(ഇ) ഇപ്പോഴത്തെ നിയമം പര്യാപ്തമായതിനാൽ പുതിയ നിയമനിർമ്മാണം നടത്തേണ്ട ആവശ്യമില്ല.

വി.ജെ.ടി. ഹാളിന്റെ നിയന്ത്രണവും ജപ്തി നടപടികളും

10 [807] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള വി.ജെ.ടി. ഹാളിന്റെ സംരക്ഷണവും നിയന്ത്രണവും ഏത് വകുപ്പിനാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിജെടി. ഹാൾ ജപ്തി ചെയ്യപ്പെടുവാൻ ഇടയായ പശ്ചാത്തലമെന്താണ്;

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ ഒഴിവാക്കി വി.ജെ.ടി. ഹാൾ തന്നെ ജപ്തിയ്ക്ക് വിധേയമാക്കിയതിന് പിന്നിലെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അന്വേഷണ വിധേയമാക്കുമോ;

(ഡി) ജപ്തി നടപടികളിൽനിന്ന് വി.ജെ.ടി. ഹാളിനെ ഒഴിവാക്കാൻ കേസിന്റെ പ്രാരംഭഘട്ടത്തിൽ ഗവൺമെന്റ് കോടതിവഴി ശ്രമിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സ്വതന്ത്ര്യലബ്ധിക്കുമുമ്പ് നിർമ്മിക്കപ്പെട്ട ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങളും, എടുപ്പുകളും പൊതുവകകളും ജപ്തി നടപടികളിൽനിന്ന് ശാശ്വതമായി ഒഴിവാക്കി സംരക്ഷിക്കാൻ നിയമ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിജെടി. ഹാളിന്റെ സംരക്ഷണവും നിയന്ത്രണവും സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിനാണ്.

(ബി) കൊയിലാണ്ടി, കുന്നത്തറ ടെക്സ്റ്റൈൽസ് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻഡസ്ട്രിയൽ ഫിനാൻഷ്യൽ കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും എടുത്തിരുന്ന വായ്പയ്ക്ക് വ്യവസായ വകുപ്പ് ഗ്യാരന്റി നൽകിയിരുന്നു. കുന്നത്തറ ടെക്സ്റ്റൈൽസ് അടച്ചുപൂട്ടുകയും പ്രസ്തുത വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്തതിനാൽ ഐ.എഫ്.സി.ഐ. വ്യവസായ വകുപ്പിനെതിരെ തിരുവനന്തപുരം സബ്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിനെ തുടർന്നാണ് ജപ്തി നടപടികൾ ഉത്തരവായത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ജപ്തി നടപടികളെക്കുറിച്ച് വിവരം അറിഞ്ഞ മാത്രയിൽത്തന്നെ അത് ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) അക്കാര്യം പരിശോധിക്കാവുന്നതാണ്.

എക്സിക്യൂട്ടീവ് ഉത്തരവു മുഖേന പ്രൊമോഷൻ നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം

11 [808] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സർവ്വീസ് റൂൾസ് അനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയോഗം ചേർന്ന് ശുപാർശ ചെയ്യാതെ ഏതെല്ലാം സാഹചര്യങ്ങളിലാണ് ഉയർന്ന തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിവരുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഇങ്ങനെ എക്സിക്യൂട്ടീവ് ഉത്തരവുവഴി പ്രൊമോഷൻ നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly